REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-04-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **20,412 മെട്രിക് ടൺ LPG യുമായി ഇന്ത്യയുടെ ജാഗ് വിക്രം കപ്പൽ പേർഷ്യൻ ഗൾഫ് മേഖലയിൽ നിന്ന് യാത്ര തിരിച്ചതായി കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ.**
- **രാജ്യത്തെ ദേശീയപാത ടോൾ പ്ലാസകളിലെ പണമിടപാടുകൾ കഴിഞ്ഞ 10-ാം തിയതി മുതൽ ഡിജിറ്റൽ മോഡിൽ മാത്രമാക്കിയതായി ഹൈവേമന്ത്രാലയം.**
- **സംസ്ഥാനത്ത് ഇന്ന് കനത്ത ചൂടിനും ഉഷ്ണതരംഗത്തിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **പക്ഷിപ്പനി സ്ഥിരീകരിച്ച കോട്ടയം ജില്ലയിലെ ഉദയനാപുരത്തെ പതിനാറാം വാർഡിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.**
- **IPL ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിന് 23 റൺസ് ജയം.**

## വാർത്തകൾ വിശദമായി

20,412 മെട്രിക് ടൺ LPG യുമായി ഇന്ത്യയുടെ ജാഗ് വിക്രം കപ്പൽ പേർഷ്യൻ ഗൾഫ് മേഖലയിൽ നിന്ന് വിജയകരമായി യാത്ര തിരിച്ചതായി കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ പറഞ്ഞു. കപ്പലിൽ 24 ജീവനക്കാരുമുണ്ട്. ഈ മാസം 15ന് കപ്പൽ രാജ്യത്ത് എത്തിച്ചേരുമെന്നും അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പാകിസ്ഥാൻ തലസ്ഥാനമായ ഇസ്ലാമാബാദിൽ അമേരിക്കയും ഇറാനും തമ്മിൽ ചർച്ചകൾ നടത്തി വരികയാണെന്ന് വൈറ്റ് ഹൗസ് സ്ഥിരീകരിച്ചു. US വിദഗ്ധ സംഘം ഇസ്ലാമാബാദിൽ ഉണ്ടെന്നും വാഷിംഗ്ടണിൽ നിന്ന് കൂടുതൽ വിദഗ്ധർ ചർച്ചകളെ പിന്തുണയ്ക്കുന്നുണ്ടെന്നും വൈറ്റ് ഹൗസ് അറിയിച്ചു.

ചർച്ചയിലൂടെ കരാറിലെത്തുമെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു. കടലിടുക്കിൽ പ്രവർത്തനങ്ങൾ സാധാരണ നിലയിലാണെന്നും അമേരിക്ക ഇതിനകം വിജയിച്ചുവെന്നും ട്രംപ് വ്യക്തമാക്കി.

പശ്ചിമേഷ്യയിൽ വെടിനിർത്തൽ ശ്രമങ്ങൾ, US കൈവശം വച്ചിരിക്കുന്ന ഇറാനിയൻ സ്വത്തുക്കൾ വിട്ടയയ്ക്കൽ, ഹോർമുസ് കടലിടുക്ക് എന്നിവയാണ് പ്രധാന ചർച്ചാ വിഷയങ്ങളെന്ന് ഇറാൻ വാർത്താ ഏജൻസി അറിയിച്ചു.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. S. ജയ്ശങ്കർ അബുദാബിയിൽ പശ്ചിമേഷ്യയിലെ സാഹചര്യത്തെക്കുറിച്ച് ഉന്നതതല ചർച്ചകൾ നടത്തി. UAE ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ഷെയ്ഖ് അബ്ദുള്ള ബിൻ സായിദ് അൽ നഹ്യാനുമായി നടത്തിയ കൂടിക്കാഴ്ചയിൽ പ്രാദേശിക സാഹചര്യങ്ങളെയും അതിന്റെ പ്രത്യാഘാതങ്ങളെയും കുറിച്ച് ഇരുവരും ചർച്ച ചെയ്തു. ഇന്ത്യൻ സമൂഹത്തിന്റെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിൽ UAE ഗവൺമെന്റ് നൽകുന്ന പിന്തുണയ്ക്ക് അദ്ദേഹം നന്ദി അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിലെ സഹകരണവും നയതന്ത്ര പങ്കാളിത്തവും കൂടുതൽ ആഴത്തിലാക്കുന്ന കാര്യവും കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തു.

✪✪✪

രാജ്യത്ത് ദേശീയപാത ടോൾ പ്ലാസകളിലെ പണമിടപാടുകൾ കഴിഞ്ഞ 10-ാം തിയതി മുതൽ ഡിജിറ്റൽ മോഡുകളായ ഫാസ്ടാഗ് അല്ലെങ്കിൽ UPI വഴി മാത്രമായതായി ഹൈവേമന്ത്രാലയം അറിയിച്ചു. തിരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം കണക്കിലെടുത്ത് കേരളം, തമിഴ്നാട്, അസം, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും ഈ മാറ്റം നടപ്പാക്കിയിട്ടില്ലെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

ബീഹാറിലെ കതിഹാർ ജില്ലയിൽ ബസ്ഗധ ചൗക്കിന് സമീപം നാഷണൽ ഹൈവേ 31ൽ ഇന്നലെ വൈകിട്ട് ബസും പിക്കപ്പ് വാനും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ 13 പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. മരിച്ചവരിൽ ഒരു ബൈക്ക് യാത്രികനും ഉണ്ട്. മതപരമായ ചടങ്ങിൽ പങ്കെടുത്തതിന് ശേഷം ജാർഖണ്ഡിൽ നിന്ന് പൂർണിയയിലേക്ക് മടങ്ങുകയായിരുന്ന ഭക്തർ സഞ്ചരിച്ച

പിക്കപ്പ് വാനിൽ എതിർദിശയിൽ നിന്ന് അമിതവേഗതയിൽ വന്ന ബസ് ഇടിച്ചാണ് അപകടം.

മരണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമ്മു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, മുഖ്യമന്ത്രി നിതീഷ് കുമാർ തുടങ്ങിയവർ അനുശോചിച്ചു. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും സഹായധനം നൽകുമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

ചാന്ദ്ര ദൗത്യത്തിൽ നിന്ന് മടങ്ങിയെത്തിയ നാസയുടെ ആർട്ടെമിസ് II ബഹിരാകാശയാത്രികർക്ക് ഹ്യൂസ്റ്റണിൽ വീരോചിത സ്വീകരണം നൽകി. നാസ അഡ്മിനിസ്ട്രേറ്റർ ജാരെഡ് ഐസക്മാനും മുതിർന്ന ഉദ്യോഗസ്ഥരും, മിഷൻ സംഘാംഗങ്ങളും, കുടുംബങ്ങളും ചേർന്നാണ് യാത്രികരെ സ്വീകരിച്ചത്. ഏപ്രിൽ 1-ന് ഫ്ലോറിഡയിൽ നിന്നായിരുന്നു പേടകത്തിന്റെ വിക്ഷേപണം.

✪✪✪

സംസ്ഥാനത്ത് ഇന്ന് കനത്ത ചൂടിനും ഉഷ്ണതരംഗത്തിനും സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കോഴിക്കോട്, വയനാട്, ഇടുക്കി ഒഴികെ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. പാലക്കാട്ട് താപനില 40 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലത്ത് 39 ഡിഗ്രി സെൽഷ്യസ് വരെയും ഉയർന്നേക്കാമെന്നും മുന്നറിയിപ്പുണ്ട്.

ചിലയിടങ്ങളിൽ മിന്നലോട് കൂടിയ വേനൽമഴയ്ക്കു സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിനെ തുടർന്ന് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മേഖലയിൽ ഉണ്ടായ മുഴുവൻ അക്രമ സംഭവങ്ങളിലും കേസെടുത്ത് നടപടി സ്വീകരിക്കാൻ ADM-ന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. അക്രമസംഭവങ്ങളെ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ അപലപിച്ചു.

വിശദ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

............വോയ്സ്.......

സമാധാന അന്തരീക്ഷം പുന:സ്ഥാപിക്കാനും പോലീസ് പിക്കറ്റുകളുടെ എണ്ണം കൂട്ടുന്നതിനും പെട്രോളിംഗ് ശക്തമാക്കാനും യോഗം തീരുമാനിച്ചു.

രാഷ്ട്രീയ പാർട്ടി നേതാക്കളെയോ സ്ഥാനാർഥികളെയോ വ്യക്തിപരമായി അപകീർത്തിപ്പെടുത്തുന്ന പ്രസ്താവനകളോ പരാമർശങ്ങളോ നടത്താൻ പാടില്ല. . പ്രകോപനപരമായ പ്രസ്താവനകളോ അക്രമ സംഭവങ്ങളോ ഉണ്ടാകില്ലെന്ന് രാഷ്ട്രീയ നേതാക്കൾ ഉറപ്പ് നൽകി.

ആക്രമം തുടർന്നാൽ കർശന നടപടിയുണ്ടാകുമെന്ന് ഡി.വൈ.എസ്.പി അറിയിച്ചു. യുവാക്കളാണ് കൂടുതലായും കേസിൽപ്പെടുന്നതെന്നും അത് അവരുടെ ഭാവിയെ ബാധിക്കുമെന്നും ഡി.വൈ.എസ്.പി ഓർമ്മിപ്പിച്ചു.

പയ്യന്നൂർ, തളിപ്പറമ്പ് നിയോജക മണ്ഡലങ്ങളിലെ പ്രശ്ന സാധ്യതയുള്ള സ്ഥലങ്ങളിൽ ക്യാമറ ഘടിപ്പിച്ച വാഹനങ്ങൾ വിന്യസിക്കും. പ്രദേശത്ത് സ്റ്റാറ്റിക് ക്യാമറകളും സ്ഥാപിക്കും . പയ്യന്നൂർ താലൂക്ക് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ എ.ഡി.എം ന്റെ ചാർജ്ജ് വഹിക്കുന്ന ഡെപ്യൂട്ടി കലക്ടർ കെ. ബാലഗോപാലൻ അധ്യക്ഷത വഹിച്ചു.

✪✪✪

മലപ്പുറം ജില്ലയിൽ നിയമസഭാ തെരഞ്ഞെടുപ്പിന് ശേഷം വോട്ടിംഗ് യന്ത്രങ്ങൾ സീൽ ചെയ്തു സൂക്ഷിച്ച സ്ട്രോംഗ് റൂമുകളുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന വാർത്തകൾ ശരിയല്ലെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറുകൂടിയായ ജില്ലാ കലക്ടർ ഡോ. വിനയ് ഗോയൽ അറിയിച്ചു. വോട്ടെടുപ്പിൽ ഉപയോഗിച്ച എല്ലാ വോട്ടിംഗ് യന്ത്രങ്ങളും പോളിംഗ് പൂർത്തിയായ ശേഷം അതേ ദിവസം തന്നെ സീൽ ചെയ്ത് അതത് മണ്ഡലങ്ങളുടെ സ്ട്രോങ് റൂമുകളിൽ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ സാന്നിധ്യത്തിൽ പൂർണ്ണമായ വീഡിയോഗ്രഫി, CCTV സംവിധാനങ്ങളോട് കൂടി സീൽ ചെയ്തു സൂക്ഷിച്ചിരിക്കുകയാണെന്നും കേന്ദ്ര സായുധ സേന ഉൾപ്പെടെ ത്രിതല സുരക്ഷാ സംവിധാനത്തോടെയാണ് പ്രസ്തുത വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിച്ചിരിക്കുന്നതെന്നും കളക്ടർ പറഞ്ഞു.

✪✪✪

വൈക്കം നിയമസഭാ മണ്ഡലത്തിലെ വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിക്കുന്ന ബസേലിയസ് കോളജിലെ സ്ട്രോംഗ് റൂം പരിസരത്ത് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കു നേരെ CAPF സുരക്ഷാ ഉദ്യോഗസ്ഥർ തോക്കു ചൂണ്ടിയെന്ന മാധ്യമ വാർത്തകൾ വാസ്തവ വിരുദ്ധമാണെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കളക്ടർ ചേതൻകുമാർ മീണ അറിയിച്ചു. മാധ്യമങ്ങളും പൊതുജനങ്ങളും അടിസ്ഥാനമില്ലാത്ത വാർത്തകളും വിവരങ്ങളും പ്രചരിപ്പിക്കുന്നത് ഒഴിവാക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

✪✪✪

പക്ഷിപ്പനി സ്ഥിരീകരിച്ച കോട്ടയം ജില്ലയിലെ ഉദയനാപുരത്തെ പതിനാറാം വാർഡിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. മേഖലയുടെ ഒരു കിലോമീറ്റർ ചുറ്റളവിലെ കോഴികളെയും വളർത്തുപക്ഷികളെയും മാർഗ്ഗനിർദേശങ്ങൾ പാലിച്ച് അടിയന്തരമായി നശിപ്പിക്കാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം തീരുമാനിച്ചതായി ജില്ലാ കളക്ടർ ചേതൻ കുമാർ മീണ അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട് ...........

(വോയ്സ് ...........)

രോഗം സ്ഥിരീകരിച്ച സ്ഥലത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവ് രോഗബാധിത മേഖലയായും 10 കിലോമീറ്റർ ചുറ്റളവ് നിരീക്ഷണ മേഖലയായും പ്രഖ്യാപിച്ചിട്ടുണ്ട്.

ഉദയനാപുരം ഗ്രാമപഞ്ചായത്തിനുപുറമേ വൈക്കം നഗരസഭ, ചെമ്പ്, മറവൻതുരുത്ത്, T.V പുരം, തലയാഴം, കല്ലറ, തലയോലപ്പറമ്പ്, കടുത്തുരുത്തി എന്നീ തദ്ദേശഭരണ സ്ഥാപന മേഖലകളിലും താറാവ്, കോഴി, കാട, മറ്റു വളർത്തുപക്ഷികൾ എന്നിവയുടെ മുട്ടയും ഇറച്ചിയും വളവും ഉപയോഗിക്കുന്നതും വിൽക്കുന്നതും മറ്റു സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നതും മൂന്നു ദിവസത്തേക്ക് നിരോധിച്ചു.

നിർദ്ദേശങ്ങൾ ലംഘിക്കുന്ന വ്യക്തികൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ ദുരന്തനിവാരണ നിയമം 2005 പ്രകാരം കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪

പ്രശസ്ത പിന്നണി ഗായിക ആശാ ഭോസ്‌ലെയെ ഹൃദയാഘാതത്തെ തുടർന്ന് മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അത്യാഹിത വിഭാഗത്തിൽ ചികിത്സയിൽ കഴിയുന്ന അവർ സൂക്ഷ്മ നിരീക്ഷണത്തിലാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിൽ ഒന്നാം വർഷ BDS വിദ്യാർത്ഥി ആശുപത്രി കെട്ടിടത്തിൽ നിന്ന് ചാടി മരിച്ച സംഭവത്തിൽ രണ്ടുപേരെ സസ്പെൻഡ് ചെയ്തു. അധ്യാപകരായ ഡോ. K. റാം , ഡോ. സംഗീത എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. തിരുവനന്തപുരം സ്വദേശി RL. നിധിൻ രാജ് ആണ് മരിച്ചത്.

ജാതി-വർണ്ണ അധിക്ഷേപം ഉണ്ടെന്ന് കാണിച്ച് ബന്ധുക്കൾ പോലീസിൽ പരാതി നൽകിയിരുന്നു. ചക്കരക്കൽ പൊലിസ് കേസെടുത്ത് അന്വേഷണം തുടങ്ങി.

✪✪✪

IPL ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിന് ജയം. ചെന്നൈയിൽ ഇന്നലെ രാത്രി നടന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസിനെ 23 റൺസിന് പരാജയപ്പെടുത്തിയാണ് സൂപ്പർ കിംഗ്സിന്റെ വിജയം. ആദ്യം ബാറ്റ് ചെയ്ത ചെന്നൈ സൂപ്പർ കിംഗ്സ് സഞ്ജു സാംസണിന്റെ സെഞ്ചുറി മികവിൽ 212 റൺസെടുത്തു. മറുപടി ബാറ്റിങ്ങിൽ ഡൽഹി ക്യാപിറ്റൽസ് 20 ഓവറിൽ 189 റൺസിന് പുറത്തായി.

ന്യൂ ചണ്ഡിഗർഹിൽ മറ്റൊരു മത്സരത്തിൽ പഞ്ചാബ് കിംഗ്സ് സൺറൈസേഴ്സ് ഹൈദരാബാദിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു.

ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകിട്ട് മൂന്നരയ്ക്ക് ലക്നൗവിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് ജയം. ബംഗലൂരുവിൽ ഇന്നലെ ബംഗലൂരു FC യെ ഒന്നിനെതിരെ രണ്ട് ഗോളിന് പരാജയപ്പെടുത്തിയാണ് കേരള ബ്ലാസ്റ്റേഴ്സിന്റെ വിജയം.

ചെന്നൈയിൽ മറ്റൊരു മത്സരത്തിൽ ഈസ്റ്റ് ബംഗാൾ FC, ചൈന്നൈയിൻ FC യെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ചു.

കൊൽക്കത്തയിൽ ഇന്ന് വൈകിട്ട് അഞ്ചിന് ഇന്റർകാശി മുഹമ്മദെൻ SC യെയും, രാത്രി ഏഴരയ്ക്ക് മോഹൻ ബഗാൻ, പഞ്ചാബ് FC യെയും നേരിടും.

✪✪✪

സൈപ്രസിലെ പെഗിയയിൽ വനിതാ കാൻഡിഡേറ്റ്സ് ചെസ്സ് ടൂർണമെന്റ് 11-ാം റൗണ്ടിൽ അലക്സാന്ദ്ര ഗോറിയാച്ച്കിനയ്ക്കെതിരെ നിർണായക വിജയത്തോടെ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആർ. വൈശാലി ലീഡ് നിലനിർത്തി. മൂന്ന് റൗണ്ടുകൾ മാത്രം ശേഷിക്കെ, ഈ വിജയത്തോടെ അവരുടെ പോയിന്റുകളുടെ എണ്ണം ഏഴായി. ഓപ്പൺ വിഭാഗത്തിൽ, വൈശാലിയുടെ ഇളയ സഹോദരൻ ആർ. പ്രഗ്നാനന്ദയും പോരാട്ടം തുടരുകയാണ്.

✪✪✪

മെക്സിക്കോയിലെ പ്യൂബ്ലയിൽ നടത്തിയ അമ്പെയ്ത്ത് ലോക കപ്പ് സ്റ്റേജ് 1 കോമ്പൗണ്ട് വനിതാ മത്സരത്തിൽ ഇന്ത്യൻ താരങ്ങളായ ജ്യോതി സുരേഖ വെന്നം, മധുര ധമാൻഗോങ്കർ, പ്രഗതി എന്നിവർക്ക് സ്വർണ്ണം. ഈ സീസണിലെ ഇന്ത്യയുടെ ആദ്യ മെഡലാണിത്.

കോമ്പൗണ്ട് മിക്സഡ് ടീം വെങ്കല മെഡൽ മത്സരത്തിൽ ഓജാസ് ഡിയോട്ടെയിലും പ്രഗതിയും USA-യോട് ഒരു സ്കോറിനാണ് പരാജയപ്പെട്ടത്.

✪✪✪

സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് മുപ്പത്തിമൂന്ന് ശതമാനം സീറ്റുകൾ സംവരണം ചെയ്യുന്ന വനിതാ സംവരണനിയമത്തെ മഹിളാ മോർച്ച സ്വാഗതം ചെയ്യുന്നതായി സംസ്ഥാന അധ്യക്ഷ നവ്യ ഹരിദാസ് അറിയിച്ചു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ NDA, സ്ത്രീകൾക്ക് പ്രാമുഖ്യം നൽകിയെന്നും 19 സീറ്റുകളിൽ വനിതാ സ്ഥാനാർത്ഥികൾ മത്സരിച്ചതായും നവ്യ ഹരിദാസ് കോഴിക്കോട്ട് പറഞ്ഞു.

✪✪✪

*News Editor : ശ്രുതി എം*
*News Reader: അബ്ദുൾ കബീർ*
*News Team: നിമിഷ ജി,*
*DEO : സി കെ സുബോധ്*